# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.01.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. നിർമ്മാണ മേഖലയെ പരിപോഷിക്കുന്നതിനുള്ള പി എൽ ഐ സ്കീമിലൂടെ വിവിധ മേഖലകളിൽ ഇന്ത്യ ലോകത്ത് മുന്നിലെത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that India has become a world leader in various fields through the PLI scheme to promote the manufacturing sector.**

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും മാൽദിവ്സ് പ്രതിരോധ മന്ത്രിയും ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി.

   **Defence Minister Rajnath Singh and the Maldives Defence Minister held bilateral talks in New Delhi.**

3. ആധുനിക സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ദീർഘകാല വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള പാതയിലാണ് ഇന്ത്യയെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. 18-ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ തുടക്കം.

   **External Affairs Minister S Jaishankar said that India is on the path to addressing the long-standing challenges of building a modern society. 18th Pravasi Bharatiya Divas celebrations begin in Odisha.**

4. 63 -ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തൃശൂർ ജില്ലയ്ക്ക് കിരീടം.

Thrissur district wins the crown in the 63rd Kerala State School Kalatsavam.

5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഗോവ – ഹൈദരാബാദ് മത്സരം. മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ എച്ച് എസ് പ്രണോയ് പ്രീക്വാർട്ടറിൽ.

Goa-Hyderabad match today in ISL football. India's H S Prannoy in the pre-quarters of the Malaysia Open badminton tournament.

****************************************

## PREZ VISIT

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മേഘാലയ, ഒഡീഷ സന്ദർശനത്തിന് നാളെ തുടക്കം. മേഘാലയയിലെ ഉമിയമിൽ വടക്ക്-കിഴക്കൻ മലയോര മേഖലയ്ക്കുള്ള ഐസിഎആർ ഗവേഷണ സമുച്ചയത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ നാളെ രാഷ്ട്രപതി പങ്കെടുക്കും. മറ്റന്നാൾ, ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവാസി ഭാരതീയ ദിവസിന്റെ സമാപന സമ്മേളനത്തിൽ പ്രവാസി ഭാരതീയ സമ്മാൻ അവാർഡുകൾ ശ്രീമതി മുർമു സമ്മാനിക്കും.

******************************

## HEADLINE-1

## PM - ANDHRA PRADESH VISIT (INTRO)

നിർമ്മാണ മേഖലയെ പരിപോഷിക്കുന്നതിന് സർക്കാർ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് സ്കീം ആരംഭിച്ചതായും ഇതിന്റെ ഫലമായി വിവിധ മേഖലകളിൽ ഇന്ത്യ ലോകത്ത് മുന്നിലെത്തിയതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാ യൂണിവേഴ്സിറ്റി എഞ്ചിനീറിങ് കോളേജ് മൈതാനത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു

അദ്ദേഹം. ആന്ധ്രാപ്രദേശ് വികസിതമായാൽ രാജ്യം തന്നെ വികസിതമാകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിലുള്ള ആദ്യത്തെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബിന്റെ ശിലാസ്ഥാപനം അദ്ദേഹം വിശാഖപട്ടണത്ത് നിർവ്വഹിച്ചു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിനും, ഉപ മുഖ്യമന്ത്രി പവൻ കല്യാണിനുമൊപ്പം റോഡ്ഷോയിലും ശ്രീ മോദി പങ്കെടുത്തു. 19,500 കോടി രൂപയുടെ റെയിൽ, റോഡ് വികസന പദ്ധതികൾ, ചെന്നൈ-ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ ഭാഗമായ ക്രിസ് സിറ്റി പദ്ധതി എന്നിവയ്ക്കും അദ്ദേഹം ചടങ്ങിൽ തുടക്കം കുറിച്ചു.

*****************************

## EVE-JPC ONE NATION ONE ELECTION

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന രണ്ട് ബില്ലുകൾ അവലോകനം ചെയ്യുന്നതിനുള്ള സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ നടന്നു. 129-ാമത് ഭരണഘടനാ ഭേദഗതി ബിൽ 2024, കേന്ദ്രഭരണ പ്രദേശ നിയമ ഭേദഗതി ബിൽ 2024 എന്നിങ്ങനെയാണ് ബില്ലുകൾക്ക് പേര് നൽകിയിരിക്കുന്നത്. നിയമ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും അഭിപ്രായം തേടിയ ശേഷമാകും റിപ്പോർട്ട് തയ്യാറാക്കുകയെന്ന് ജെപിസി അധ്യക്ഷൻ പി.പി ചൗധരി പറഞ്ഞു. 39 അംഗ സമിതിയിൽ ലോക്സഭയിൽ നിന്ന് 27 എംപിമാരും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

*****************************

**HEADLINE-2**

## RAJNATH-MALDIVES

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും മാൽദീവ്സ് പ്രതിരോധമന്ത്രി മുഹമ്മദ് ഗസ്സൻ മൗമൂണും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. പതിവ് സൈനികാഭ്യാസങ്ങൾ, പ്രതിരോധ പദ്ധതികൾ, പരിശീലനം, തുടങ്ങി ഉഭയകക്ഷി പ്രതിരോധ സഹകരണത്തിൻ്റെ വിവിധ വശങ്ങൾ ഇരു മന്ത്രിമാരും അവലോകനം ചെയ്തു. ഇന്ത്യ-മാൽദീവ്സ് സമഗ്ര സാമ്പത്തിക, സമുദ്ര സുരക്ഷ പങ്കാളിത്തത്തിനായുള്ള സംയുക്ത കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് യോജിച്ച് പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ഇരുരാജ്യങ്ങളും എടുത്തുപറഞ്ഞു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് മാൽദീവ്സ് പ്രതിരോധ മന്ത്രി ഇന്ത്യയിലെത്തിയത്.

*****************************

**HEADLINE-4**

## KALOLTHSAVAM

63 -ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തൃശൂർ ജില്ലയ്ക്ക് കിരീടം. കാൽ നൂറ്റാണ്ടിന് ശേഷമാണ് തൃശൂർ സ്വർണ്ണക്കപ്പ് ജേതാക്കളാകുന്നത്. 1008 പോയിൻ്റ് നേടിയാണ് തൃശൂർ ഒന്നാമത് എത്തിയത്. 1007 പോയിൻ്റുമായി പാലക്കാട് രണ്ടാമതും 1003 പോയിൻ്റുമായി കണ്ണൂർ മൂന്നാമതും എത്തി. പ്രധാന വേദിയായ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സമാപന ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി ജേതാക്കൾക്ക് സ്വർണ്ണക്കപ്പ് സമ്മാനിച്ചു. സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു. 25 വേദികളിലായി 249 ഇനങ്ങളിൽ 15,000-ത്തോളം വിദ്യാർഥികളാണ് ഇത്തവണ കലോത്സവത്തിൽ മാറ്റുരച്ചത്.

******************************

## REV. GADKARI-ROAD SAFETY (INTRO)

2004-ൽ റോഡ് അപകടങ്ങളിൽ 1.80 ലക്ഷം പേർക്ക് ജീവൻ നഷ്ടമായതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗതാഗത മന്ത്രിയുമായുള്ള ചർച്ചയ്ക്ക് ശേഷം ന്യൂഡൽഹിയിൽ മധ്യപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹെൽമെറ്റ് ധരിക്കാത്തതിനാൽ 30,000 പേർക്ക് ജീവൻ നഷ്ടമായി. അപകട മരണങ്ങളിൽ 66 ശതമാനവും 18നും 34നും ഇടയിൽ പ്രായമുള്ളവരാണ്. സ്കൂളുകൾക്കും കോളേജുകൾക്കും മുന്നിൽ കൃത്യമായ ബോർഡുകൾ സ്ഥാപിക്കാത്തതിനാലുണ്ടാകുന്ന അപകടങ്ങളിൽ 10,000 കുട്ടികൾക്ക് ജീവൻ നഷ്ടമായതായും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയും ആരംഭിച്ചു. പദ്ധതി വഴി റോഡ് അപകടങ്ങളിൽ പരിക്കറ്റവർക്ക് 1.5 ലക്ഷം രൂപയുടെ ചികിത്സ ലഭ്യമാക്കുമെന്നും അപകടമുണ്ടായി വാഹനം നിർത്താതെ പോകുന്നതിലൂടെ മരണം സംഭവിക്കുന്നവരുടെ ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്നും ശ്രീ ഗഡ്ക്കരി പറഞ്ഞു.

******************************

## HEADLINE-3
## DAY PRAVASI BHARATIYA DIVAS

ആധുനികവും പുരോഗമനപരവുമായ സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ദീർഘകാല വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള പാതയിലാണ് ഇന്ത്യയെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. 18-ാമത് പ്രവാസി

ഭാരതീയ ദിവസ് ആഘോഷങ്ങൾ ഒഡീഷയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയും പാരമ്പര്യവും സംയോജിപ്പിച്ച് മുന്നേറണം. യുവാക്കൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാനുണ്ടെന്നും ശ്രീ. ജയശങ്കർ പറഞ്ഞു. 75 രാജ്യങ്ങളിൽ നിന്നുള്ള ആറായിരത്തോളം പ്രവാസി ഇന്ത്യൻ പ്രതിനിധികൾ പങ്കെടുക്കുന്ന ത്രിദിന സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

*****************************

**HEADLINE-5a**

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഗോവ – ഹൈദരാബാദ് മത്സരം. ഗോവയിലെ ഫത്തോർഡ സ്റ്റേഡിയത്തിലാണ് മത്സരം.

*****************************

**HEADLINE-5b**

## FINAL MALAYSIA OPEN - BADMINTON

മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ എച്ച് എസ് പ്രണോയ് പ്രീക്വാർട്ടറിൽ പ്രവേശിച്ചു. നാളെ നടക്കുന്ന പ്രീ ക്വാർട്ടറിൽ ചൈനയുടെ ഷി ഫെങ് ലിയാണ് പ്രണോയിയുടെ എതിരാളി. വനിതാ സിംഗിൾസിൽ ഇന്ത്യയുടെ മാളവിക ബൻസോദ് രണ്ടാം റൗണ്ടിലെത്തി. മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ ധ്രുവ് കപിലയും തനിഷ ക്രസ്റ്റോയും, ആദ്യ വാരിയത്ത്-സതീഷ് കരുണാകരൻ സഖ്യവും പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

*****************************

## ISRO - NEW CHAIRMAN (INTRO)

ഐഎസ്ആർഒയുടെ പുതിയ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതിൽ സന്തോഷമുണ്ടെന്നും പുതിയ നിയമനം നിരവധി അവസരങ്ങൾ നൽകുന്നതായും വി നാരായണൻ. ഐഎസ്ആർഒയുടെ ദൗത്യങ്ങൾ ഭംഗിയായി നിറവേറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു

(ഹോൾഡ് വോയ്സ്..)

ഈ മാസം 14 നാണ് വി നാരായണൻ ചുമതലയേൽക്കുക. ഐ.എസ്.ആർ.ഒ ചെയർമാൻ എസ് സോമനാഥിന്റെ കാലാവധി അവസാനിക്കുന്നതിനെ തുടർന്നാണ് പുതിയ നിയമനം.

******************************

## KERALA CABINET

ശബരിമല മാസ്റ്റർ പ്ലാനിന് അനുസൃതമായി തയ്യാറാക്കിയ സന്നിധാനത്തിന്റെയും പമ്പ ആന്റ് ട്രക്ക് റൂട്ടിന്റെയും ലേ ഔട്ട് പ്ലാനിന് കേരള മന്ത്രിസഭായോഗം അംഗീകാരം നൽകി. സന്നിധാനത്തിന്റെ വികസനത്തിന് മൂന്ന് ഘട്ടങ്ങളിലായി ആകെ 778.17 കോടി രൂപയാണ് ലേഔട്ട് പ്ലാൻ പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. പാലക്കാട് - കോഴിക്കോട് ദേശീയ പാതയിൽ പനയംപാടത്ത് ചരക്ക് ലോറി മറിഞ്ഞ് മരണമടഞ്ഞ നാല് വിദ്യാർത്ഥിനികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാനും തീരുമാനമായി.

******************************

## L MURUGAN

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സുഗത സൂക്ഷ്മവനം പരിപാടി എറണാകുളം വടുതല ചിന്മയ വിദ്യാലയത്തിൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊട്ടാരക്കരയിലും, പാരിപ്പള്ളിയിലും നടക്കുന്ന സുഗത സൂക്ഷ്മവനം ഉദ്ഘാടന ചടങ്ങിലും കേന്ദ്രസഹമന്ത്രി പങ്കെടുക്കും. അമൃതാനന്ദമയി മഠവും അദ്ദേഹം സന്ദർശിക്കും.

*****************************

## REV AKASHVANI DD SONGS

മഹാകുംഭമേളയോട് അനുബന്ധിച്ച് ആകാശവാണിയും, ദൂരദർശനും ഒരുക്കിയ പ്രത്യേക ഗാനം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കി. പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെംഗാൾ, പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദി, ദൂരദർശൻ ഡയറക്ടർ ജനറൽ കാഞ്ചൻ പ്രസാദ്, ആകാശവാണി ഡയറക്ടർ ജനറൽ പ്രജ്ഞാ പലിവാൾ ഗൗർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

*

**************

*******************************************